(2) 2003 മുതൽ ഐ.എസ്.ഒ. (ISO) സർട്ടഫിക്കറ്റ് നേടിയെടുത്തു.

(3) വികസനത്തിന്റെ ഭാഗമായി പഞ്ചകർമ്മ ആശുപത്രിയും അതിനോടനുബന്ധിച്ചുള്ള റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും 2004-ൽ പ്രവർത്തനമാരംഭിച്ചു.

(4) ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ ഒരു പുതിയ ബോയിലർ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു

(5) 2004-ൽ പുതിയ രണ്ട് ഉല്പന്നങ്ങൾ വിപണിയിലിറക്കി.

(6) കേന്ദ്ര സർക്കാർ സഹായത്തോടെ ഒരു റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സെന്റർ കെട്ടിപ്പടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി.

(ബി) ബ്രാഞ്ചുകൾ ആരംഭിച്ചിട്ടില്ല.

(സി) ഉദ്ദേശം 67 ഏക്കർ സ്ഥലത്ത്.

ഹെൽത്ത് കാർഡ് പദ്ധതി നടപ്പാക്കാൻ നടപടി

127 [3181] ശ്രീ. ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വർക്കല കഹാർ:
„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെൽത്ത് കാർഡ് പദ്ധതി നടപ്പാക്കിയോ; എങ്കിൽ എവിടെയെല്ലാം എത്ര പേർക്ക് വീതം ഹെൽത്ത് കാർഡ് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാർഡുകൊണ്ടുള്ള പ്രയോജനം എന്തെന്ന് വിവരിക്കുമോ?

ഉത്തരം

(എ) നടപ്പാക്കി വരുന്നു. ഇതിന്റെ ആദ്യപടിയായി വയനാട് ജില്ലയിൽ 1,01,343 (ഒരു ലക്ഷത്തി ആയിരത്തിമുന്നൂറ്റി നാല്പത്തി മൂന്ന്) വിദ്യാർത്ഥികളെ പരിശോധിച്ച് ഹെൽത്ത് കാർഡ് വിതരണം ചെയ്തു. 2004 നവംബർ 22-ന് ഉദ്ഘാടനം ചെയ്ത പരിപാടി തുടർന്ന് വരുന്നു.

(ബി) കുട്ടികളിലെ അസുഖങ്ങളും വൈകല്യങ്ങളും കണ്ടുപിടിക്കുകയും കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഗുരുതരമായ അസുഖങ്ങൾ ഉള്ള വിദ്യാർത്ഥികളെ ഇങ്ങനെ രേഖപ്പെടുത്തിയ കാർഡുമായി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറുടെയോ സ്പെഷ്യലിസ്റ്റുകളുടെയോ അടുത്തേക്ക് റഫർ ചെയ്യുകയും, പരിശോധനയ്ക്ക് മുൻഗണന ലഭിക്കുകയും ചെയ്യും. വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ഭാവിയ്ക്ക് ദോഷകരമായ അസുഖങ്ങൾ ഉണ്ടെങ്കിൽ കണ്ടുപിടിച്ച് കാർഡിൽ രേഖപ്പെടുത്തുകയും, ആരോഗ്യ കാര്യത്തിൽ സമ്പൂർണ്ണ വ്യക്തിത്വത്തിനുടമകളായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുകയുമാണ് ഈ ആരോഗ്യ പരിപാടിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly